## പതിനാലാം കേരള നിയമസഭ
### അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:5078 — 22.05.2017 ൽ മറുപടിയ്ക്ക്

## പെരുവന്താനത്ത് ടി.ആർ. ആന്റ് റ്റീ കമ്പനി അനധികൃതമായി കൈവശം വച്ചിരിക്കുന്ന ഭൂമി

**ചോദ്യം**

ശ്രീ.പി.ടി.തോമസ്
ശ്രീ.വി.പി.സജീന്ദ്രൻ
ശ്രീ.ഷാഫി പറമ്പിൽ
ശ്രീ.സണ്ണി ജോസഫ്

**മറുപടി**

ശ്രീ.ഇ. ചന്ദ്രശേഖരൻ
(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | ഇടുക്കിയിലെ പെരുവന്താനം ഗ്രാമ പഞ്ചായത്തിൽ 6000 ഏക്കർ സർക്കാർ ഭൂമി ടി.ആർ. ആന്റ് റ്റീ കമ്പനി അനധികൃതമായി കൈവശം വച്ചിരിക്കുന്നുവെന്ന പരാതിയിൽ അന്വേഷണം പൂർത്തിയായോ; എങ്കിൽ എന്താണ് കണ്ടെത്തൽ എന്നറിയിക്കുമോ; | (എ)&(ബി) സ്വാതന്ത്ര്യത്തിനു മുമ്പ് വിദേശ കമ്പനികളും പൗരന്മാരും കൈവശം വച്ചിരുന്നതും സ്വാതന്ത്ര്യാനന്തരം നിലവിലെ കൈവശക്കാർക്ക് നിയമാനുസൃതം കൈമാറിക്കിട്ടിയിട്ടില്ലാത്തതുമായ മുഴുവൻ സർക്കാർ ഭൂമിയും കെ.എൽ.സി. നിയമപ്രകാരം ഏറ്റെടുക്കുന്നതിന് നിയോഗിച്ച സ്പെഷ്യൽ ഓഫീസർ ഇടുക്കി ജില്ലയിൽ പെരുവന്താനം വില്ലേജിലെ ടി.ആർ & ടി കമ്പനിയുടെ കൈവശ ഭൂമി സംബന്ധിച്ച രേഖകൾ പരിശോധിക്കുകയും ടി ഭൂമി സ്വാതന്ത്ര്യത്തിനു മുമ്പ് വിദേശ കമ്പനി കൈവശം വച്ചിരുന്ന സർക്കാർ ഭൂമിയാണെന്നു കണ്ടെത്തിയതിനെ തുടർന്ന് ടി ഭൂമിയിൽ നിന്നും ഒഴിഞ്ഞു പോകുന്നതിന് കേരള ഭൂസംരക്ഷണ നിയമം സെക്ഷൻ 12 പ്രകാരം ടി.ആർ & ടി കമ്പനിയ്ക്ക് നോട്ടീസ് നല്കിയിരുന്നു. എന്നാൽ സ്പെഷ്യൽ ഓഫീസറുടെ നടപടിക്കെതിരെ കമ്പനി ഫയൽ ചെയ്ത WP(C) 26798/2016 നമ്പർ കേസിൽ ബഹു. കേരള ഹൈക്കോടതി തുടർ നടപടികൾ സ്റ്റേ ചെയ്തിട്ടുള്ളതാണ്. കേസ്സിൽ അന്തിമ ഉത്തരവ് ആയിട്ടില്ലാത്തതുമാണ്. |
| (ബി) | അനധികൃതമായി കൈയേറിയ ഭൂമി ഏറ്റെടുക്കുന്നതിന് തിരുവനന്തപുരം ലാന്റ് റിസംപ്ഷൻ സ്റ്റേറ്റ് സ്പെഷ്യൽ ഓഫീസറുടെ നടപടി ഏത് ഘട്ടത്തിലാണ്? | |

സെക്ഷൻ ഓഫീസർ